# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 4629 29.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പത്താം ക്ലാസിനു മുകളിൽ പി.എച്ച്.ഡി വരെയുള്ള കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുടങ്ങിയവ കേന്ദ്ര ഗവണ്മെന്റിൽ നിന്ന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സഹായങ്ങളാണ്. |
| (ബി) മൗലാനാ ആസാദ് ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകുന്ന കേന്ദ്രപദ്ധതി, മറ്റ് കേന്ദ്ര പദ്ധതികൾ എന്നിവ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) സർക്കാർ മുഖേനയോ വിവിധ ഏജൻസികൾ മുഖേനയോ അല്ലാതെ നേരിട്ട് ഗുണഭോക്താക്കളെ സഹായിക്കുന്ന പദ്ധതികളാണ് മൗലാനാ ആസാദ് ഫൗണ്ടേഷൻ നടപ്പിലാക്കി വരുന്നത്. മത ന്യൂനപക്ഷങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.